**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 194** **05-12-2022 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിൽ കാൻസർ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിൽ കാൻസർ രോഗികളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കാൻസർ രോഗ നിയന്ത്രണം ലക്ഷ്യമാക്കി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ; | (എ) | **ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന ജനസംഖ്യാധിഷ്ഠിത ജീവിത ശൈലീ നിയന്ത്രണ പദ്ധതി പ്രകാരം ആശ പ്രവർത്തകർ ഗൃഹ സന്ദർശനം നടത്തി കാൻസർ രോഗ ലക്ഷണമുള്ളവരെ കണ്ടെത്തുന്നതിനുള്ള ഒരു സംരംഭം ഇടുക്കി ജില്ലയുൾപ്പെടെ എല്ലാ ജില്ലകളിലും നടന്നു വരികയാണ്. ഇപ്രകാരം കണ്ടെത്തപ്പെടുന്ന രോഗികൾക്ക് അതാത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ വച്ച് തന്നെ രോഗ നിർണ്ണയം നടത്തുന്നതിനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. കേരളത്തിലെ സമഗ്രമായ അർബുദ കണക്കുകൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച കൊച്ചിൻ കാൻസർ സെന്ററിന്റെ നേതൃത്വത്തിലുള്ള രജിസ്ട്രിയിൽ ഇടുക്കി ജില്ലയിലെ വിവരങ്ങളും ശേഖരിക്കുന്നുണ്ട്.** |
| (ബി) | കാൻസർ രോഗബാധ നേരത്തെ കണ്ടുപിടിക്കുന്നതിന് രോഗനിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | **ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന ജനസംഖ്യാധിഷ്ഠിത ജീവിത ശൈലീ നിയന്ത്രണ പദ്ധതി പ്രകാരം ആശ പ്രവർത്തകർ ഗൃഹ സന്ദർശനം നടത്തി കാൻസർ രോഗ ലക്ഷണമുള്ളവരെ കണ്ടെത്തുന്നതിനുള്ള ഒരു സംരംഭം ഇടുക്കി ജില്ലയുൾപ്പെടെ എല്ലാ ജില്ലകളിലും നടന്നു വരികയാണ്. ഇപ്രകാരം കണ്ടെത്തപ്പെടുന്ന രോഗികൾക്ക് അതാത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ വച്ച് തന്നെ രോഗ നിർണ്ണയം നടത്തുന്നതിനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. കേരളത്തിലെ സമഗ്രമായ അർബുദ കണക്കുകൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച കൊച്ചിൻ കാൻസർ സെന്ററിന്റെ നേതൃത്വത്തിലുള്ള രജിസ്ട്രിയിൽ ഇടുക്കി ജില്ലയിലെ വിവരങ്ങളും ശേഖരിക്കുന്നുണ്ട്.** |
| (സി) | ജില്ലയിൽ കാൻസർ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇടുക്കി ജില്ലയിൽ തൊടുപുഴ ജില്ലാ ആശുപത്രിയിൽ കാൻസർ സെന്റർ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ